# എന്നെ നന്നായി അറിയുന്ന ദൈവം

## ആവർത്തനം 33:26

"യെശൂരൂന്റെ ദൈവത്തെപ്പോലെ ഒരുത്തനുമില്ല. നിന്റെ സഹായത്തിനായി അവൻ ആകാശത്തൂടെ തന്റെ മഹിമയിൽ മേഘാരൂഢനായി വരുന്നു."

ദൈവപുരുഷനായ മോശ, മരിക്കുന്നതിനു മുമ്പ് യിസ്രായേൽ മക്കളെ അനുഗ്രഹിക്കുന്നതാണ് ആവർത്തനപുസ്തകം അദ്ധ്യായം 33 ൽ പ്രതിപാദിക്കുന്നത്. യിസ്രായേലിന്റെ ദൈവത്തെ പോലെ ഒരു ദൈവം വേറെയില്ല എന്നും, അവരുടെ സഹായത്തിനായി അവൻ മേഘാരൂഢനായി വരുന്നു എന്നതുമാണ് നാം മേൽ പറഞ്ഞ വാക്യത്തിൽ കണ്ടത്.

ഇന്ന് നാം ഓരോരുത്തരും ആയിരിക്കുന്ന സാഹചര്യത്തിൽ നമ്മോടും സംസാരിക്കുന്ന ഒരു വചന ഭാഗമാണിത്. ഞാൻ വിശ്വസിക്കുകയും ആശ്രയിക്കുകയും ചെയ്യുന്ന എന്റെ ദൈവത്തെപ്പോലെ മറ്റൊരു ദൈവമില്ല എന്നതും, ആ ദൈവം എന്റെ സഹായത്തിനായി എപ്പോഴും കൂടെ ഉണ്ട് എന്നതും, ഏതൊരു ദൈവപൈതലിന്റെയും ധൈര്യവും, ആശ്വാസവുമാണ്. എന്നാൽ ഇത് നമ്മുടെ ദൈനംദിന ജീവിതത്തിൽ എത്ര മാത്രം പ്രായോഗികമാക്കപ്പെടുന്നുണ്ട് എന്ന് നാം നമ്മെത്തന്നെ ഒന്നു ശോധന ചെയ്തു നോക്കണം. ജീവിതത്തിന്റെ ഒരു പ്രതിസന്ധി ഘട്ടത്തിൽ പലപ്പോഴും ഈ ദൈവത്തിന്റെ മുഖമല്ല നാം ആദ്യം തേടുന്നത് എന്നതാണ് വാസ്തവമായ കാര്യം. എല്ലാ സഹായഹസ്തങ്ങളും അറ്റു പോകുമ്പോൾ മാത്രമാണ് ഈ ദൈവത്തെ നാം ഓർക്കുന്നത്.

എന്നാൽ വാഗ്ദത്തം ചെയ്തവനായ, വാക്കു മാറാത്തവനായ ദൈവം എന്നും നമ്മുടെ സഹായത്തിനായി കൂടെ ഉണ്ട് എന്ന് നാം മറന്നു പോകരുത്. എന്നാൽ അത് നമുക്ക് എങ്ങനെ മനസ്സിലാക്കാനും വിശ്വസിക്കാനും കഴിയും? പ്രതിസന്ധികൾ ഒറ്റ രാത്രി കൊണ്ട് മാറുന്നതല്ല അത്ഭുതം എന്നത്. ദൈവം നമ്മുടെ കൂടെയുണ്ടെങ്കിൽ, നമ്മുടെ മനോഭാവത്തിനാണ് മാറ്റം വരിക. ഇന്നലെ വരെ എന്റെ ഉറക്കം നഷ്ടപ്പെടുത്തിയ വിഷയങ്ങൾ എനിക്കൊരു ഭാരമല്ലാതായി തീരും. ഒരു ദൈവീക സമാധാനം എപ്പോഴും അനുഭവിക്കാൻ കഴിയും. അത് മറ്റാർക്കും തരാൻ കഴിയില്ല, മനസ്സിലാക്കാനും സാധിക്കില്ല. അവിടെയാണ് ഒരു ദൈവപൈതൽ വ്യത്യസ്തനാകുന്നത്.

ഇതു തന്നെയാണ് ദൈവം യോശുവയോടും പറഞ്ഞത്, "ഞാൻ മോശയോടു കൂടെ ഇരുന്നതു പോലെ നിന്നോടു കൂടെയും ഇരിക്കും. ഞാൻ നിന്നെ കൈവിടുകയില്ല, ഉപേക്ഷിക്കുകയുമില്ല. ഉറപ്പും ധൈര്യവുമുള്ളവനായിരിക്ക." ദൈവത്തിന്റെ ഉറപ്പ് ലഭിച്ച

യോശുവ, യിസ്രായേൽ ജനത്തെ ധൈര്യത്തോടെ മുന്നോട്ട് നയിച്ചു. പ്രതിസന്ധികൾ വന്നപ്പോളെല്ലാം, വാഗ്ദത്തം ചെയ്തവനെ നോക്കിക്കൊണ്ട് യാത്ര പൂർത്തിയാക്കി വാഗ്ദത്തദേശം പ്രാപിച്ചു.

ഈ മനോഭാവവും വിശ്വാസവുമാണ് ഇന്ന് നാം ആയിരിക്കുന്ന ലോകത്തിലും നമ്മെ മുന്നോട്ട് നയിക്കേണ്ടത്. ദൈവത്തോട് ചേർന്ന് നിൽക്കുന്ന ഒരു വ്യക്തിയുടെ കൂടെ ദൈവം ഉണ്ടെന്നുള്ളത് ദൈവം തന്നെ മറ്റുള്ളവർക്ക് തക്ക സമയത്ത് തെളിയിച്ചു കൊടുക്കും. അതിന്നായി നാം ഒന്നും ചെയ്യേണ്ട കാര്യമില്ല. കാരണം അതാണ് നാം യോശുവയുടെ ജീവിതത്തിൽ കാണുന്നത്. അതുകൊണ്ട് ഇന്നും ജീവിക്കുന്നവനായ അതേ ദൈവത്തെയാണ് നാം വിശ്വസിക്കുന്നതും, ആശ്രയിക്കുന്നതും. അതു നമ്മുടെ ജീവിതത്തിന്റെ ബലവും, ധൈര്യവുമായിരിക്കണം. അതിനായി നമുക്കും പ്രാർത്ഥിക്കാം. ദൈവം നമ്മെ അനുഗ്രഹിക്കുമാറാകട്ടെ.

പരാമർശം:

യോശുവ 1:9

നിന്റെ ദൈവമായ യഹോവ നീ പോകുന്നേടത്തൊക്കെയും നിന്നൊടു കൂടെ ഉള്ളതു കൊണ്ട് ഉറപ്പും ധൈര്യവുമുള്ളവനായിരിക്ക. ഭയപ്പെടരുത്, ഭ്രമിക്കയുമരുത് എന്ന് ഞാൻ നിന്നോട് കൽപ്പിച്ചുവല്ലോ.

സിസ്റ്റർ നീനു ബിനു ബേബി ആലപ്പുഴ 077